## 10

# ഉപയോഗിക്കുക, ഉപയോഗിക്കാതിരിക്കുക, ദുർവിനിയോഗിക്കുക, മോശമായി ഉപയോഗിക്കുക

പഴയനിയമ നായകന്മാരിൽ എനിക്കിഷ്ടപ്പെട്ട ഒരാളാണ് യോനാഥാൻ. അവനും, തന്റെ വഞ്ചന, നീക്കി. നമ്മുടെ സംഭവം 1 ശമുവേൽ 14-ൽ ആണ്. ശൗൽ രാജാവ് പാപം ചെയ്തു. അവന്റെ ശുശ്രൂഷ മോശമായതിൽനിന്ന് ഏറ്റവും മോശമായതായി തീർന്നു, എങ്കിലും അവന് വിശ്വസ്തനും, ശൂരനുമായ മകൻ, യോനാഥാൻ ഉായിരുന്നു. ഫെലിസ്ത്യർ നിയന്ത്രണത്തിലായിരുന്നു. യിസ്രായേലിൽ വാളുകൾ ഉാക്കുന്ന, കൊല്ലന്മാരെ അനുവദിച്ചിരുന്നില്ല. സൈന്യത്തിന് കോടാലികളും മൺവെട്ടികളും മാത്രമേ പരിചയമുായിരുന്നുള്ളൂ. ശൗൽ രാജാവിനും യോനാഥാനും മാത്രമേ വാളുകളും കുന്തങ്ങളും ഉായിരുന്നുള്ളൂ, എന്നാൽ യോനാഥാന് ദൈവത്തിൽ വിശ്വാസം ഉായിരുന്നു. അഭക്തരായ ഫെലിസ്ത്യരെ തോൽപിക്കുവാൻ തന്നോടുകൂടെ പോരുവാൻ അവന്റെ ആയുധവാഹകനോടു അവൻ കൽപിച്ചു. (അവൻ എത്രത്തോളം ആവേശവാനായിരുന്നുവെന്ന് ഊഹിക്കുക!) അവർ അസംഖ്യവും ശക്തി ഉള്ളവരും ആയിരുന്നു, എന്നാൽ സാഹചര്യം ശരിയായിരുന്നു! യോനാഥാൻ എങ്ങനെ അവന്റെ കുറ്റം പുറത്തുകൊുവന്നു? അവൻ തന്റെ ആയുധവാഹകനോടു പറഞ്ഞു, അസംഖ്യം വരുന്ന സൈന്യം ഏക വാളുമായി എന്നോടു മതിലിനു മുകളിൽ കയറുവാൻ പറഞ്ഞാൽ, അത് ദൈവത്തിന്റെ വിജയകരമായ അടയാളമാണ്! ഈ വിധത്തിലാണോ നാം നമ്മുടെ വഞ്ചന കാണിക്കേത്? ഫെലിസ്ത്യർ സന്തോഷത്തോടെ സ്വീകരിച്ചു. യോനാഥാൻ കയ്യും കാലും ഉപയോഗിച്ച് കയറി ഇരുപതുപേരെ കൊന്നു. തറ കുലുങ്ങി, ഫെലിസ്ത്യർ വിറച്ചു! അങ്ങനെ യോനാഥാൻ ദൈവത്തിനുള്ള വലിയ വിജയമാഘോഷിച്ചു!

1 ശമുവേൽ 14 മുതൽ പ്രാർത്ഥനയെ ഉപയോഗിക്കാതിരിക്കുന്നതും, തെറ്റായി ഉപയോഗിക്കുന്നതും, ദുർവിനിയോഗം ചെയ്യുന്നതും, വചനപ്രകാരം ഉപയോഗിക്കുന്നതും നമുക്കു നിരീക്ഷിക്കുവാൻ കഴിയും. ആദ്യം, നമുക്ക് പ്രാർത്ഥന *ഉപയോഗിക്കാതിരിക്കുന്നത്* പരിഗണിക്കാം. പ്രാർത്ഥന കൊുമാത്രമല്ല അദ്ധ്യക്ഷന്മാരെ തിരഞ്ഞെടുക്കേത്, എങ്കിലും അവരെ പ്രാർത്ഥന കൂടാതെയും തിരഞ്ഞെടുക്കരുത്. അക്കാലത്ത് അദ്ധ്യക്ഷന്മാരെ തിരഞ്ഞെടുക്കുമ്പോഴും ഉപദേഷ്ടാക്കന്മാരെ തിരഞ്ഞെടുക്കുമ്പോഴും സാധാരണ കുഴപ്പം നേരിടാറു്. എന്തുകൊ്? കാരണം ദൈവത്തിനു പകരം തെറ്റായ നിലവാരങ്ങളും രാഷ്ട്രീയവും അന്നുായിരുന്നു എന്നതാണ്. പ്രവൃത്തികൾ 1-ൽ പത്രൊസിനു യൂദായ്ക്കുപകരം പിൻഗാമിയെ തിരഞ്ഞെടുക്കുന്നതിൽ തീർച്ചയുായിരുന്നു. അവന് യോഗ്യത ആവശ്യമായിരുന്നു. രുപേർ അങ്ങനെ

ഉായിരുന്നു. പിന്നെ ദൈവം തീരുമാനം എടുത്തു. മിഷ്ണറി സംഘത്തെ തിരഞ്ഞെടുത്തിരുന്നത് പ്രാർത്ഥനയാലും ഉപവാസത്താലുമായിരുന്നു (പ്രവൃത്തികൾ 13:1–3). പിന്നീട് മൂപ്പന്മാരെ നിയോഗിച്ചത് പ്രാർത്ഥനയാലും ഉപവാസത്താലുമായിരുന്നു (പ്രവൃത്തികൾ 14:23). *ആദ്യം പ്രാർത്ഥിക്കുക!* വിഷമസമയം വരുമ്പോൾ, സഭാദ്ധ്യക്ഷന്മാർ പ്രാർത്ഥിക്കേത് അത്യാവശ്യമാണ്. അപ്പോൾ വിജയം വരും. പിന്നെ, പ്രാർത്ഥിപ്പാൻ മറക്കുകയും ഉപേക്ഷ വിചാരിക്കുകയും ചെയ്യുന്നത് എളുപ്പമാണ്. *പ്രാർത്ഥനയിലെ ആവശ്യങ്ങൾ* മാറിയേക്കാം, എന്നാൽ *പ്രാർത്ഥിക്കേ ആവശ്യം* മാറുന്നില്ല! ഒരു സഭയും, ഒരു അദ്ധ്യക്ഷനും പ്രാർത്ഥനയുടെ അഗാധമായ ആവശ്യം തള്ളിക്കളഞ്ഞിട്ടില്ല. യോനാഥാൻ വിജയിക്കുവാൻ കാരണം അവനായിരുന്നില്ല പിന്നെയോ ദൈവമായിരുന്നു! *ആദ്യം പ്രാർത്ഥിക്കുക!*

രാമത്, നമുക്ക് പ്രാർത്ഥനയുടെ *തെറ്റായ ഉപയോഗത്തെ* പരിശോധിക്കാം. യോനാഥാൻ എന്തുകൊു കുറ്റമില്ലാത്തവനായി? കാരണം ഫെലിസ്ത്യർ പരാജയപ്പെടുവാൻ ദൈവം ആഗ്രഹിച്ചു. യോനാഥാന് ഒരു രഹസ്യ പരിപാടിയും ഇല്ലായിരുന്നു; അവന് ഒരു രഹസ്യ പദ്ധതിയുമില്ലായിരുന്നു; അവൻ വ്യക്തിപരമായ മഹത്വം അന്വേഷിച്ചതുമില്ല. അവൻ ദൈവമഹത്വത്തിലാണ് ആനന്ദിച്ചിരുന്നത്. എങ്ങനെയായാലും, പ്രാർത്ഥന തെറ്റായി ഉപയോഗിക്കുന്നത് എളുപ്പമാണ്. പ്രാർത്ഥന ഒരിക്കലും സ്വാധീനത്തിനോ, വഞ്ചനക്കു പ്രേരിതമായോ ഉപയോഗിക്കരുത്. ഒരു ഉപദേഷ്ടാവ് ഒരു പദ്ധതി അവതരിപ്പിക്കുകയും പിന്നെ ജനങ്ങളെ പ്രാർത്ഥനയാൽ സ്വാധീനിക്കുകയും ചെയ്യരുത്. താൻ പ്രസംഗിക്കുമ്പോൾ ഉപദേഷ്ടാവ് അംഗങ്ങളോടു പ്രാർത്ഥിപ്പാൻ അല്ല അവരോടു ശ്രദ്ധിക്കുവാനാണ് പറയേത്. ഒരു ഉപദേഷ്ടാവ് പ്രാർത്ഥിക്കണം, എന്നാൽ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ഒരുക്കമില്ലാത്തതായാൽ പരാജയപ്പെടും. പ്രസംഗങ്ങൾ പ്രാർത്ഥനയിൽ മുങ്ങിയതും പഠനത്താൽ വളർത്തിയെടുക്കേതുമാണ്. അറിയുവാൻ പഠിക്കുക; ശക്തിക്കായി പ്രാർത്ഥിക്കുക. വച്ചു താമസിപ്പിക്കുന്നതിനുള്ള ഭക്തിപരമായ മാർഗ്ഗമല്ല പ്രാർത്ഥന. പ്രവർത്തിക്കുന്നതിന് ഒരു സമയമു്. കഴിവില്ലായ്മക്കു പ്രാർത്ഥന പകരമാകുന്നില്ല.

മൂന്നാമതായി, നമുക്ക് പ്രാർത്ഥനയുടെ *ദുർവിനിയോഗം* നോക്കാം. തെറ്റായി ഉപയോഗിക്കുന്നതും ദുർവിനിയോഗം ചെയ്യുന്നതും വ്യത്യസ്തമാണ്. തെറ്റായി ഉപയോഗിക്കുന്നത് അജ്ഞതകൊാണ്; ദുർവിനിയോഗം ചെയ്യുന്നത് സ്വാർത്ഥത കൊാണ്. രും നശീകരണമാണ്. ദുർവിനിയോഗം ആവശ്യപ്പെടുന്നത് ദൈവം നമ്മുടെ പദ്ധതികളെ അനുഗ്രഹിക്കണം എന്നാണ്. ദുർവിനിയോഗം ആഗ്രഹിക്കുന്നത് നമ്മുടെ തന്നെ ആശ്വാസവും മഹത്വവുമാണ്. മനുഷ്യൻ നന്നായി കാണപ്പെടേതിന് ഉദ്ദേശിച്ചുള്ള ഒന്നല്ല പ്രാർത്ഥന. ഉദാരതയ്ക്കോ അല്ലെങ്കിൽ, കാര്യക്ഷമമായ നേതൃത്വത്തിനോ, പരിശ്രമത്തിനോ, പദ്ധതി തയ്യാറാക്കുന്നതിനോ പകരമല്ല പ്രാർത്ഥന. പ്രാർത്ഥന വ്യക്തിപരമായ മഹത്വത്തിനോ അല്ലെങ്കിൽ ഉത്തരവാദിത്വമില്ലാത്ത സാമ്പത്തിക ഇടപാടുകൾക്കുവേിയോ ഒരിക്കലും ഉപയോഗിക്കരുത്. അദ്ധ്യക്ഷന്മാർ തങ്ങൾ ചെയ്യാത്ത കാര്യങ്ങൾ നടത്തിതരുവാൻ വേി ദൈവത്തോടു പ്രാർത്ഥിക്കരുത്. യേശു ഇപ്പോഴും സഭയുടെ തലയാണ് (എഫെസ്യർ 1:22, 23; കൊലൊസ്യർ 1:17–19). ശരീരം (സഭ) തലയ്ക്കു കീഴിലാണ്. അതാണ് ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാന തത്വം. തലയാണ് ശരീരത്തെ നടത്തുന്നത്. ശരീ

രത്തെ പ്രാപ്തമാക്കുന്നത് തലയാണ്.

നാലാമത്, 1 ശമുവേൽ 14-ലെ പ്രാർത്ഥനയുടെ *വചനപ്രകാരമുള്ള ഉപയോഗത്തെ* നമുക്കു നോക്കാം. പ്രാർത്ഥന ശ്രദ്ധയില്ലാത്തത് ആകുവാൻ കഴിയും! ദൈവേഷ്ടത്തിലാകുന്നത് മനുഷ്യരെ അജയ്യരാക്കും! എല്ലാ പ്രതികൂല സാഹചര്യങ്ങളിലും, യോനാഥാൻ, മുകളിലേക്കു നോക്കി പറയുന്നു, ദൈവം ആഗ്രഹിക്കുന്ന കൃത്യമായ സ്ഥലത്തുതന്നെയാണ് നമ്മുടെ ശത്രുക്കളെ ആക്കിയിരിക്കുന്നത്! *ആദ്യം പ്രാർത്ഥിക്കുക!*

**************

# പ്രാർത്ഥിക്കുന്ന ക്രിസ്തു

## യോഹന്നാൻ 17:1 - 26

> അവനോ നിർജ്ജനദേശത്തു വാങ്ങിപ്പോയി പ്രാർത്ഥിച്ചു *കൊ ിരുന്നു (ലൂക്കൊസ് 5:16).*

ദൈവത്തെപോലെ ശക്തമാണ് പ്രാർത്ഥന, കാരണം അവൻ ഉത്തരം നൽകാമെന്നു വാഗ്ദാനം ചെയ്തിട്ടു്. പ്രാർത്ഥനയുടെ പരിമിതി എന്നത് ദൈവേഷ്ടത്തിന്റെയും ശക്തിയുടെയും പരിമിതിയാണ്. ഈ സത്യം യേശു വിശ്വസിക്കുകയും പരിശീലിക്കുകയും ചെയ്തു. ലാസറിന്റെ കല്ലറക്കൽവെച്ച്, യേശു തന്റെ പ്രാർത്ഥനാജീവിതത്തെ പ്രഖ്യാപിച്ചു. യോഹന്നാൻ 11:41–43 പറയുന്നു,

> അവർ കല്ലു നീക്കി. യേശു മേലോട്ടു നോക്കി, പറഞ്ഞു, പിതാവേ, നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു; എങ്കിലും നീ എന്നെ അയച്ചു എന്നു ചുറ്റും നിൽക്കുന്ന പുരുഷാരം വിശ്വസിക്കേതിന്നു, അവരുടെ നിമിത്തം ഞാൻ പറയുന്നു എന്നു പറഞ്ഞു. ഇങ്ങനെ പറഞ്ഞിട്ടു, അവൻ ലാസറേ, പുറത്തുവരിക എന്നു, ഉറക്കെ വിളിച്ചു.

*പ്രാർത്ഥിക്കുന്ന ക്രിസ്തു!* പ്രാർത്ഥിക്കുന്ന ദൈവം! ശ്രദ്ധ ആകർഷിക്കുന്നതാണ്! ആത്മാവ് അളവുകൂടാതെ ഉായിരുന്ന, മനുഷ്യനിൽ ദൈവം ആയിരുന്നു യേശു (യോഹന്നാൻ 1:1, 14–17; 3:34), എങ്കിലും *അവന് പ്രാർത്ഥന ആവശ്യമായിരുന്നു!* ജീവിച്ചിരുന്ന ആരെക്കാളും അധികം അവൻ പ്രാർത്ഥിച്ചു. ക്രിസ്തുവിന്റെ ജീവിതത്തിൽ പ്രാർത്ഥനക്കുായിരുന്ന സ്ഥാനവും പ്രാധാന്യവും നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്.

ചില കഠിന വസ്തുതകൾ പോകുകയില്ല. യേശു വാസ്തവത്തിൽ പ്രാർത്ഥനയെ കുറിച്ച് കുറച്ചു പഠിപ്പിച്ചതാണ് ലൂക്കൊസ് 11-ൽ രേഖപ്പെടുത്തിയിരിക്കുന്നത്, അത് പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമെന്ന് അപ്പൊസ്തലന്മാർ അവനോടു ആവശ്യപ്പെട്ടപ്പോൾ ആയിരുന്നു. നിഷേധ പ്രസംഗവും യേശു നട

ത്തിയിട്ടു് (മത്തായി 6:5-8). അവൻ പ്രാർത്ഥനയുടെ ദുർവിനിയോഗങ്ങളെ കുറിച്ച് മുന്നറിയിച്ചിരുന്നു: ആദ്യമായി, നമുക്ക് കപടഭക്തിക്കാരെ പോലെ പ്രാർത്ഥിപ്പാൻ കഴിയും (വാ. 5), രാമത്, നമുക്ക് വിഗ്രഹാരാധികളെ പോലെ പ്രാർത്ഥിപ്പാൻ കഴിയും (ജാതികൾ; വാ. 7). യേശു വളരെ താഴ്ന്ന ശബ്ദത്തിൽ ആയിരുന്നു പ്രാർത്ഥിച്ചത്. വ്യക്തിപരമായി നാം ഓരോരുത്തരും രഹസ്യത്തിൽ പ്രാർത്ഥിപ്പാൻ അവൻ പറഞ്ഞിരിക്കുന്നു. രഹസ്യത്തിൽ നടത്തുന്ന പ്രാർത്ഥനക്ക് (മുറിയിൽ) പരസ്യമായി പ്രതിഫലം ലഭിക്കും എന്നാണ് യേശു പറഞ്ഞത്. കാഴ്ച്ചയും നിഗളവുമുള്ള പ്രാർത്ഥനകളെ യേശു വിമർശിച്ചിരുന്നു. ഗദ്ശെമനയിൽ വെച്ച് പ്രാർത്ഥിപ്പാനായി പത്രൊസിനെയും, യാക്കൊബിനെ യും, യോഹന്നാനെയും വിളിച്ചുകൊുപോയപ്പോൾ, അവൻ ഒരു കല്ലേറു ദൂരെ അവരിൽനിന്ന് വാങ്ങിപ്പോയി (ലൂക്കൊസ് 22:41). യേശുവിന്, പ്രാർത്ഥന ഒരു രഹസ്യ സംഭവം ആയിരുന്നു.

## വസ്തുതകൾ

യേശു പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്നതിനെകുറിച്ച് കുറെ വസ്തുതകൾ കൂടെ നമുക്ക് പരിശോധിക്കാം. യേശു ഒരിക്കലും പ്രാർത്ഥനാ പങ്കാളികളെ തീരുമാനിച്ചിരുന്നില്ല. ഒരുമിച്ചു പ്രാർത്ഥിക്കുന്നതു വചനവിരുദ്ധമല്ല. ഉയർന്ന സഹോദരനോടു കണക്കു കൊടുക്കുക എന്നതു വചനവിരുദ്ധമാണ്. യേശു വിനു ഒരിക്കലും പ്രാർത്ഥനായോദ്ധാക്കൾ ഉായിരുന്നില്ല. അതു നിസാരമാ യതു വളരുവാൻ അനുവദിക്കുന്നതാണ്. അവൻ എഴുപതുപേർക്ക്, വിശദ മായി നിർദ്ദേശങ്ങൾ കൊടുത്ത യച്ചപ്പോൾ, പ്രാർത്ഥനയെകുറിച്ച് ഒന്നും പറ ഞ്ഞില്ല (ലൂക്കൊസ് 10:1-16; കൂടാതെ ലൂക്കൊസ് 9:1-6 വരെയും നോക്കുക, അവിടെ യേശു അപ്പൊസ്തലന്മാരെ അയക്കുന്നു്). യേശുവും അപ്പൊ സ്തലന്മാരും ദിവസേന ധ്യാനങ്ങൾ നടത്തിയതിനെ കുറിച്ചു ബൈബിളിൽ ഒന്നും പറയുന്നില്ല. തിരുവെഴുത്തിൽ അവൻ അവരോടു ഒരിക്കലും ഇങ്ങനെ ചോദിച്ചിട്ടില്ല, നിങ്ങളുടെ പ്രാർത്ഥനാ ജീവിതം എങ്ങനെയു്? അല്ലെങ്കിൽ നിങ്ങൾ അതിനെ കുറിച്ചു പ്രാർത്ഥിച്ചോ? പ്രശ്നങ്ങളുള്ള ആളുകളോട്, പോയി പ്രാർത്ഥിച്ചാൽ മതി എന്നും അവൻ ഉപദേശിച്ചില്ല.

യേശു ഒരിക്കലും പ്രാർത്ഥനയെ ഉയർത്തി പ്രാധാന്യമുള്ളതാക്കി കാണി ച്ചില്ല. വൃഥാ ജല്പനങ്ങൾ നടത്തുന്നതിനെതിരെ അവൻ മുന്നറിയിപ്പ് നടത്തി യിട്ടു്, എന്നാൽ മടുത്തുപോകാതെ പ്രാർത്ഥിക്കുവാൻ അവൻ പറഞ്ഞു. അപ്പൊസ്തലന്മാരിൽ യേശു പേരെടുത്തു പ്രാർത്ഥിച്ചതായി രേഖപ്പെടുത്തി യിരിക്കുന്നതു പത്രൊസിനെ മാത്രമാണ് (ലൂക്കൊസ് 22:31, 32). യേശുവിനു, അത് ഒരു നാടകമോ, തീയേറ്ററോ, ആഘോഷമോ, നവീനതയോ, പ്രദർശ നമോ, ഓർക്കസ്ട്രാ ഉപയോഗിച്ചുള്ള സംഗീതമോ ആയിരുന്നില്ല. യേശുവി നു, പ്രാർത്ഥന, ആധികാരികമായിരുന്നു.

യേശുവിനു പ്രാർത്ഥനക്കു മുൻഗണനയുായിരുന്നു എന്നതാണ് *യഥാർത്ഥ വസ്തുത*. നമ്മിൽ അധികം പേർക്കും, പ്രാർത്ഥന യുദ്ധത്തിനുള്ള തയ്യാറെടുപ്പാണ്. എന്നാൽ യേശുവിനു, അതു യുദ്ധം തന്നെയായിരുന്നു! യേശുവിന്റെ ജീവിതത്തിൽ, പ്രാർത്ഥന ജോലിയും, ശുശ്രൂഷ സമ്മാനവുമാ യിരുന്നു. എവിടെയാണ് അവന്റെ വിയർപ്പ് രക്തത്തുള്ളിപോലെ വീണത്? ഗലീലാ കടൽക്കരയിൽ *അല്ല*, പിലാത്തൊസിന്റെ മന്ദിരത്തിൽ *അല്ല*, ഗൊൽഗോഥയിലും ആയിരു*ന്നില്ല*! ഗദ്ശെമനയിൽ വെച്ച് യേശു പ്രാർത്ഥി

ക്കുമ്പോഴായിരുന്നു അവന്റെ വിയർപ്പ് രക്തത്തുള്ളിപോലെ വീണത് (മുന്തിരി ചക്കിൽ ആട്ടുന്ന സ്ഥലത്തു) (ലൂക്കൊസ് 22:44). യേശുവിനു പരീക്ഷണം നേരിട്ടപ്പോൾ, അവൻ വിജയിക്കുവാൻ കാരണം, അവൻ നേരത്തേതന്നെ അതിനെ കുറിച്ചു പ്രാർത്ഥിച്ചതുകൊാണ്. ദൈവത്തിനു കീഴ്പ്പെടുക ... പൂർണ്ണമായി ദൈവത്തിൽ സമർപ്പിക്കുക ... ദൈവത്തിൽ ആശ്രയിക്കയും ചെയ്യുക. നാം പ്രാർത്ഥനയിൽ പരാജയപ്പെടുന്നതുകൊാണ് ജീവിതത്തിൽ പരാജയപ്പെടുന്നത്! യേശുവിന്, പിതാവിനോടു കൂടെ ആയിരിക്കുകയും അവ നോടു സംസാരിക്കുകയും ചെയ്യുന്നതിനേക്കാൾ മുഖ്യമായി മറ്റൊന്നും ഉായി രുന്നില്ല. തീരുമാനം എടുത്തതു കാൽവരിയിലായിരുന്നില്ല, ഗൊൽഗോഥയിലാ യിരുന്നു! വാസ്തവത്തിൽ, അവൻ പ്രാർത്ഥിക്കുന്ന ക്രിസ്തുവായിരുന്നു.

**സമയം**

യേശുവിനു പ്രാർത്ഥന ശ്വസനം പോലെ സ്വാഭാവികമായിരുന്നു. യേശു വിന്റെ ജീവിതത്തിലെ ഇരുപതിലധികം പ്രാർത്ഥനാ സാഹചര്യങ്ങൾ സുവി ശേഷ എഴുത്തുകാർ രേഖപ്പെടുത്തിയിട്ടു്. അവൻ തിരക്കുള്ളവൻ ആയി രുന്നുവെങ്കിലും ഒരിക്കലും അധികം തിരക്കുള്ളവൻ ആയിരുന്നില്ല. അവൻ ഒരിക്കലും തിരക്കിട്ടുപോവുകയോ അല്ലെങ്കിൽ ധൃതിയിൽ പോവുകയോ ചെയ്തില്ല. യേശു യുവാക്കളോടും പ്രായമായവരോടും, ചെറിയവരോടും വലി യവരോടും, ധനികരോടും ദരിദ്രരോടും, നല്ലവരോടും മോശപ്പെട്ടവരോടും 150-ൽ അധികം അഭിമുഖങ്ങൾ നടത്തിയതായി സുവിശേഷ എഴുത്തുകാർ രേഖപ്പെടുത്തിയിരിക്കുന്നു. അവന്റെ സുരക്ഷിതത്വമില്ലാത്ത അവസ്ഥപോലും വിസ്മയിപ്പിക്കുന്നതായിരുന്നു. അവൻ പൂർണ്ണതയും, ശക്തിയും, ദയയും ഉള്ള വനായിരുന്നു എങ്കിലും ആർക്കും അവനെ സ്വതന്ത്രമായി വിമർശിക്കുവാ നും, ശിക്ഷിക്കുവാനും, അല്ലെങ്കിൽ ശാസിക്കുന്നതിനും കഴിഞ്ഞിരുന്നു! യേശു വിന്റെ കുടുംബാംഗങ്ങളും, അവന്റെ ശിഷ്യന്മാരും, അവന്റെ ശത്രുക്കളും വ്യ ക്തിപരമായി അവനോടു ഏറ്റുമുട്ടി. അത് അവന്റെ താഴ്മയുടെ മഹത്വം സൂചി പ്പിക്കുന്നു. യേശു വിജയിക്കുവാൻ കാരണം അവൻ സമയം എടുത്തു പ്രാർത്ഥിച്ചു.

അതിരാവിലെ, യേശു പ്രാർത്ഥിപ്പാൻ എഴുന്നേറ്റിരുന്നു (മർക്കൊസ് 1:35). അവൻ മനുഷ്യരെ സേവിക്കുന്നതിനുമുൻപ് ദൈവത്തെ കിരുന്നു. ദിവസ ത്തിൽ ഉടനീളം പ്രാർത്ഥിച്ചുകൊിരിക്കുക. നേരത്തെ എഴുന്നേറ്റ് പ്രാർത്ഥി ക്കുക. ദിവസം കൂടുതൽ തിരക്കുള്ളതാണെങ്കിൽ, ഏറ്റവും നേരത്തെ പ്രാർത്ഥി പ്പാൻ എഴുന്നേൽക്കുക. പ്രാർത്ഥനക്ക് നേരത്തെ എഴുന്നേൽക്കുവാൻ നാം അലസതയുള്ളവരാണോ? കൃത്യനിഷ്ഠ ഇല്ലാത്തതുകൊാണ് പലരും അധി കവും നഷ്ടമാക്കുന്നത്. യേശു ഒരിക്കലും പ്രാർത്ഥിക്കാതിരിക്കത്തക്ക തിര ക്കുള്ളവൻ ആയിരുന്നില്ല. പ്രാർത്ഥന ഒരു സമയവും, ഒരു സ്ഥലവും, ഒരു നടപടി ക്രമവും ആവശ്യപ്പെടുന്നു. പ്രാർത്ഥിക്കുന്നത്, മറ്റു ഏതൊരു വിലയു ള്ളതുപോലെയും, പ്രയാസമുള്ള ജോലിയാണ്, എങ്കിലും അത് നമ്മുടെ സന്തോഷവും ആനന്ദവുമാണ്.

യേശു ഭക്ഷണത്തിനുമുൻപ് പ്രാർത്ഥിച്ചിരുന്നു. ക്രൂശീകരണം നടന്ന യാഴ്ച്ചയുടെ അവസാനം എമ്മൗസിലേക്കുള്ള യാത്രയിൽ പരാജിതരായിരുന്ന ശിഷ്യന്മാരുടെ ആകർഷണീയമായ സംഭവം ലൂക്കൊസ് 24:13-35 ൽ വിവരി ക്കുന്നു. അവൻ പ്രാർത്ഥിക്കുന്നതുവരെ അവർ യേശുവിനെ തിരിച്ചറിഞ്ഞില്ല

(ലൂക്കൊസ് 24:30, 31). യേശു പ്രാർത്ഥിച്ചപ്പോൾ അത്ഭുതങ്ങൾ സംഭവിച്ചു! യേശു സ്നാനമേറ്റപ്പോൾ സ്വർഗ്ഗം തുറക്കുകയും, ദൈവം അവനെ അംഗീകരിക്കുകയും ചെയ്തു (ലൂക്കൊസ് 3:21, 22)! യേശു പ്രാർത്ഥിക്കുകയും മറുരൂപപ്പെട്ട് മോശെയോടും ഏലിയാവോടും കൂടെ ആകുകയും ചെയ്തു (ലൂക്കൊസ് 9:28–30). യേശു പ്രാർത്ഥിച്ചു, ഒരു ദൂതൻ വന്ന് അവനെ ശക്തീകരിച്ചു (ലൂക്കൊസ് 22:43, 44). യേശു പ്രാർത്ഥിച്ചപ്പോൾ കാര്യങ്ങൾ സംഭവിച്ചു! യേശു പ്രാർത്ഥിച്ചതു നിമിത്തം മരിച്ച ലാസർ ഉയർത്തെഴുന്നേറ്റു (യോഹന്നാൻ 11:41–43). യേശു പ്രാർത്ഥിച്ചു, ഇടിവെട്ടുായി (യോഹന്നാൻ 12:27–33). നാം ദിവസേനയുള്ള ആഹാരം ദൈവത്തോട് യാചിക്കുകയാണെങ്കിൽ, നാം അതിനു ദൈവത്തോട് സ്തോത്രം ചെയ്യണം.

നമ്മുടെ കുട്ടികളെ പ്രാർത്ഥനക്ക് പരിശീലിപ്പിക്കുവാൻ ഏറ്റവും പറ്റിയ സ്ഥലമാണ് മേശ. കിടക്കുവാനുള്ള സമയവും നമ്മുടെ കുട്ടികളുമായുള്ള പ്രാർത്ഥനക്ക് അടിസ്ഥാനമിട്ടു കൊടുക്കുവാനുള്ള വലിയ സമയമാണ്. യേശു പ്രാർത്ഥിച്ചിരുന്നു. നാം പ്രാർത്ഥിക്കണം. പ്രാർത്ഥിക്കുവാൻ നമ്മുടെ കുട്ടികളെയും നാം പഠിപ്പിക്കണം.

യേശു രാത്രി മുഴുവൻ പ്രാർത്ഥിച്ചു (ഒരുപക്ഷെ അനേക പ്രാവശ്യം). അപ്പൊസ്തലന്മാരെ തിരഞ്ഞെടുക്കുന്നതിനു മുൻപ്, യേശു രാത്രി മുഴുവൻ പ്രാർത്ഥിച്ചു (ലൂക്കൊസ് 6:12). രാത്രിയിൽ പ്രാർത്ഥിക്കുന്നത് എനിക്ക് എളുപ്പമായിരുന്നു. എന്തുകൊാണെന്ന് വാസ്തവത്തിൽ എനിക്കറിയില്ല. ഒണിയൻ ക്രീക്കിന്റെ അടുത്ത് എനിക്കിഷ്ടമുള്ള ഒരു കുന്ന് ഉായിരുന്നു. ആ പതിവിന് കാലം നിമിത്തം മാറ്റം സംഭവിച്ചു. ഇപ്പോൾ എനിക്ക് പ്രഭാതമാണിഷ്ടം. ദിവസം ദൈവത്തോടുകൂടെ ആരംഭിക്കുവാനാണ് എനിക്ക് ഇഷ്ടം.

സാധാരണ, യേശു തനിച്ചു പ്രാർത്ഥിച്ചു! വായിക്കുക ലൂക്കൊസ് 5:16; 9:18; 22:41; മത്തായി 14:23. രഹസ്യപ്രാർത്ഥനയെ കുറിച്ച് അവൻ പ്രസംഗിച്ചിരുന്നത് ക്രിസ്തു പരിശീലിച്ചിരുന്നു. അവൻ പ്രാർത്ഥനയെ ഒരിക്കലും തെരുവിലെ പ്രദർശനം ആക്കിയിരുന്നില്ല! ഇടവകയാലുള്ള പ്രാർത്ഥനക്കു പോലും ചില രഹസ്യ സ്വഭാവമുായിരുന്നു. ലൂക്കൊസ് 9:18-ൽ രസകരമായ ഒരു സംഭവം നടന്നു: അവൻ തനിച്ചു പ്രാർത്ഥിക്കുമ്പോൾ, ശിഷ്യന്മാർ അവനോടൊപ്പം ഉായിരുന്നു, ... അതൊരു സംഘപ്രാർത്ഥന ആയിരുന്നില്ല, കൂടാതെ അത് രഹസ്യപ്രാർത്ഥനയും ആയിരുന്നില്ല. വാക്കുകളാൽ പ്രാർത്ഥിപ്പാൻ കഴിഞ്ഞിരുന്നതിനാൽ യേശുവിന് അപ്പൊസ്തലന്മാരോടൊപ്പമുള്ള പ്രാർത്ഥന ആശ്വാസകരമായിരുന്നോ? അത് നിശബ്ദമായ പ്രാർത്ഥന ആയിരുന്നോ? ഒരാൾക്ക് നിശബ്ദമായി പ്രാർത്ഥിപ്പാൻ കഴിയുമോ? ഒരു ജനക്കൂട്ടത്തിലും നമുക്ക് പ്രാർത്ഥിപ്പാൻ കഴിയുമോ? കേൾക്കത്തക്ക വാക്കുകൾ ആയിരിക്കേണമോ? യേശു തനിച്ചു പ്രാർത്ഥിച്ചു; യേശു മറ്റുള്ളവരോടുകൂടെയും പ്രാർത്ഥിച്ചു. യേശു പരസ്യമായും രഹസ്യമായും പ്രാർത്ഥിച്ചു.

**കാരണങ്ങൾ**

അവൻ അസാധാരണമായി തിരക്കുള്ളവൻ ആയിരുന്നപ്പോഴും, യേശു പ്രാർത്ഥിച്ചു. നമ്മുടെ തിരക്ക് നിമിത്തം പ്രാർത്ഥനയിൽ പരാജയപ്പെടുന്നത് അവന്റെ മാതൃക വെളിപ്പെടുത്തുന്നു. അവന്റെ പരസ്യമായ പ്രചാരം അത്യുച്ചനിലയിൽ ആയിരുന്നപ്പോഴും, യേശു വാങ്ങിപ്പോയി പ്രാർത്ഥിച്ചു (ലൂക്കൊസ് 5:15, 16). പ്രസിദ്ധി, വിജയം, ശക്തി എന്നിവ അടിമപ്പെടാവുന്ന പരീക്ഷണങ്ങ

ളാണ്. പ്രാർത്ഥനക്ക് സമയം ആവശ്യമാണ്. നാം തിരക്കുള്ളവർ ആകുന്തോറും, കൂടുതൽ പ്രാർത്ഥിക്കേതായിട്ടു്. ക്ഷീണിപ്പിക്കുന്ന ജോലിയും നമ്മുടെ പ്രാർത്ഥനാജീവിതത്തെ നിരുത്സാഹപ്പെടുത്തുന്നു.

വളരെ പ്രാധാന്യമുള്ള തീരുമാനങ്ങൾ എടുക്കുന്നതിനു മുൻപ്, യേശു പ്രാർത്ഥിച്ചു. പ്രാർത്ഥനയെ കുറിച്ച് ഒരു നിലവാരമുള്ള പുസ് തകം എഴുതിയത് ജോർജ് ബട്രിക്[1] ആണ്. യേശുവിന്റെ പ്രാർത്ഥനാ ജീവിതത്തെ കുറിച്ച് ഒരു വിലയേറിയ പുസ്തകം ഈ. എം. ബൗ്സ്[2] രചിച്ചിട്ടു്. അവൻ നിരീക്ഷിച്ചത്, അവന്റെ ജീവിതത്തിലെ മഹത്തായ ഘട്ടങ്ങൾ ഉടലെടുത്തതും ഉന്നതിയിൽ എത്തിയതും പ്രാർത്ഥനയാലായിരുന്നു.[3] യേശു തന്റെ സ്നാനത്തിനു മുൻപ് പ്രാർത്ഥിച്ചിരുന്നു (ലൂക്കൊസ് 3:21, 22). അവൻ പന്തിരുവരെ തിരഞ്ഞെടുക്കുന്നതിനു മുൻപ് രാത്രി മുഴുവൻ പ്രാർത്ഥിച്ചു (ലൂക്കൊസ് 6:12–16). മറുരൂപ മലയിൽവെച്ച് അവൻ പ്രാർത്ഥിച്ചു (ലൂക്കൊസ് 9:28–36). ക്രൂശിനു മുൻപ് ഗദ്ശെമനയിൽവെച്ച് അവൻ പ്രാർത്ഥിച്ചു (മത്തായി 26:36–46). *യേശു തന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾക്കുമുൻപും, അതിനിടയിലും, അതിനുശേഷവും പ്രാർത്ഥിച്ചിരുന്നു.* നമ്മുടെ പ്രധാനപ്പെട്ട തീരുമാനങ്ങൾ പ്രാർത്ഥനക്കുശേഷം എടുക്കേതാണ്.

പ്രതിസന്ധി ഘട്ടങ്ങളിലും, യേശു പ്രാർത്ഥിച്ചു. അവൻ ഒരിക്കലും അമിതഭയത്തിലായിരുന്നില്ല. ജനങ്ങൾ അവനെ ഒരു രാഷ്ട്രീയ രാജാവാക്കി തീർക്കുവാൻ ശ്രമിക്കുന്നു എന്നറിഞ്ഞപ്പോൾ, അവൻ വാങ്ങിപ്പോയി പ്രാർത്ഥിച്ചു (യോഹന്നാൻ 6:15). അവൻ തന്റെ ശിഷ്യന്മാരുടെ പരിത്യജിക്കലിനു മുൻപ് അവർക്കുവേി പ്രാർത്ഥിച്ചു. അവൻ ഗദ്ശെമനയിൽവെച്ചു പ്രാർത്ഥിച്ചു. അവൻ കൂശിൽവെച്ചു പ്രാർത്ഥിച്ചു.

നിർണ്ണായകസംഭവങ്ങളെ തുടർന്ന്, യേശു പ്രാർത്ഥിച്ചു. നമ്മുടെ ആവശ്യങ്ങൾക്കിടയിൽ സഹായത്തിനായി നാം പ്രാർത്ഥിക്കുന്നു. പിന്നെ അവൻ നൽകുന്ന പരിഹാരങ്ങൾക്കായി ദൈവത്തോട് നന്ദിപറയുന്നു. അല്ലെങ്കിൽ, വിജയം നമ്മുടെ പുരോഗതി തടയുന്നതാകും. ദൈവത്തിന്റെ വിജയങ്ങൾക്ക് നാം നന്ദി പറയുമ്പോൾ നാം താഴ്മയുള്ളവരാകുന്നു.

അവന്റെ മരണം അടുത്തപ്പോൾ, യേശു പ്രാർത്ഥിച്ചു. ശ്രദ്ധ പിടിച്ചു പറ്റുന്നതാണ് എബ്രായർ 5:7: അവൻ ജഡത്തിലായിരുന്നപ്പോൾ, അവൻ പ്രാർത്ഥനയും യാചനയും കഴിച്ച് തന്നെ മരണത്തിൽനിന്നു രക്ഷിപ്പാൻ കഴിവുള്ളവനോട് കണ്ണുനീരോടുകൂടെ അപേക്ഷിച്ചു, ഭയഭക്തി മൂലം അവന്ന് ഉത്തരവും ലഭിച്ചു. (1) യേശു തന്റെ ജീവനുവേി അപേക്ഷിക്കുകയും കരയുകയും ചെയ്തു. (2) ദൈവത്തിന് അവനെ രക്ഷിക്കാമായിരുന്നു. (3) ദൈവം അവന്റെ പ്രാർത്ഥന കേട്ടു, എങ്കിലും ദൈവം മറുപടി പറഞ്ഞു, ഇല്ല! ലെഗ്യോൻ കണക്കിനു ദൂതന്മാരെ യേശുവിനു വിളിക്കാമായിരുന്നു, പക്ഷെ അവൻ ചെയ്തില്ല (മത്തായി 26:53). അവൻ ക്രൂശിനെ പിതാവിന്റെ കരുതലിനു ഏൽപ്പിച്ചു!

**വസ്തുതകൾ**

(1) *യേശു കീഴ്പ്പെട്ടിരുന്നു.* കീഴ്പ്പെടൽ നിർണ്ണായകവും, അടിസ്ഥാനപരവുമാണ്. എബ്രായർ 5:7–ഉം ലൂക്കൊസ് 22:40–46 ഉം നോക്കുക. യോഹന്നാൻ ക്രൂശിനെ ആ നാഴിക എന്നാണ് സൂചിപ്പിച്ചത്. ആ നാഴികയെ കേന്ദ്രീകരിച്ചുള്ള ജീവിതത്തിൽ യേശു പ്രവൃത്തിക്കുന്നതായി യോഹന്നാനിൽ നാം കാണുന്നു. നാഴിക വന്നു. ഇപ്പോൾ, ആ നാഴിക ആയിരുന്നു അവന്റെ വിജയം.

യേശു ചതി പറ്റിയവൻ ആയിരുന്നില്ല; അവൻ വിജയിയാണ്. അവൻ പ്രാർത്ഥിക്കുന്നതിനുമുൻപുതന്നെ ദൈവത്തിന്റെ ഉത്തരം അറിഞ്ഞിരുന്നു: ഇല്ല, മകനേ. ഇല്ല! അപ്പോഴും, യേശു പ്രാർത്ഥിച്ചു. ഒരേ പ്രാർത്ഥന അവൻ മൂന്നുപ്രാവശ്യം നടത്തി: ഈ പാനപാത്രം നീക്കേണമേ. വിയർപ്പ് രക്തം പോലെ വീണു! യേശു ഗദ്ശെമനയിൽ പ്രാർത്ഥിച്ചതുപോലെ ആരും പ്രാർത്ഥിച്ചിട്ടില്ല. എന്താണ് മുഖ്യ തത്വം? എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നടക്കേണമേ.

*ആദ്യം പ്രാർത്ഥിക്കുക!* എന്തു കൊ്? *കീഴ്പ്പെടൽ!* നാം കീഴ്പ്പെടാതെ ദൈവത്തിനു നമ്മെ ഉപയോഗിക്കുവാൻ സാധ്യമല്ല. നമ്മുടെ പ്രാർത്ഥനകൾ കീഴ്പ്പെടലിന്റെതും, ഒഴിഞ്ഞുകൊടുക്കലിന്റെതും, സമർപ്പണത്തിന്റേതുമാകണം. ഒഴിഞ്ഞുകൊടുക്കൽ മരണത്താലുള്ള പിൻമാറലല്ല, അത് പ്രത്യാശയാണ്. മനുഷ്യരുടെ ഇഷ്ടത്തെ ക്രൂശിൽ തറയ്ക്കുന്ന വലിയ ഒരു അനുഗ്രഹമാണ് ഒഴിഞ്ഞുകൊടുക്കലിലൂടെ നമുക്ക് ലഭിക്കുന്നത്. പൗലൊസ് പറഞ്ഞു, ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ... (ഗലാത്യർ 2:20). അവിടെ ഒഴിഞ്ഞുകൊടുക്കലു്; വ്യക്തിപരമായ മരണമു്. ഞാൻ ദിവസേന മരിക്കുന്നു, എന്നും പൗലൊസ് പറഞ്ഞു (1 കൊരിന്ത്യർ 15:31). ഒഴിഞ്ഞുകൊടുക്കൽ സ്വാർത്ഥമായ പാപങ്ങളിൽ നിന്ന് നമ്മെ വിടുവിക്കുന്നു: സ്വയ-പര്യാപ്തത, സ്വയ-മതിപ്പ്, സ്വയ-പരിതാപം, സ്വയ-വഞ്ചന, സ്വയ-വെറുപ്പ്, മുതലായവ. ദൈവം ഒന്നുമില്ലായ്മയിൽ നിന്നാണ് സൃഷ്ടിക്കുന്നത്. ദൈവം ഉപയോഗിക്കുന്നതെല്ലാം ഒന്നുമില്ലായ്മയിലേക്ക് താഴ്ത്തേതാണ്. അതാണ് ഇഷ്ടത്തെ ക്രൂശിൽ തറയ്ക്കൽ അല്ലാതെ, ഇഷ്ടത്തെ പൂർണ്ണമായി നശിപ്പിക്കുന്നതല്ല. തിരുവെഴുത്തിലെ ക്രൂശിൽ തറെയ്ക്കൽ എല്ലായ്പ്പോഴും ഉയർത്തെഴുന്നേൽപ്പുമായി ബന്ധിപ്പിച്ചിരിക്കുന്നു. സ്വയം-ശൂന്യമാക്കുന്നതിന്റെയും, കീഴ്പ്പെടലിന്റെയും, ഉപേക്ഷിക്കുന്നതിന്റെയും, മോചനത്തിന്റെയും പ്രാർത്ഥന നാം പ്രാർത്ഥിക്കുന്നു, പിന്നെ ഉയർത്തെഴുന്നേൽപ്പിന്റെ പ്രാർത്ഥനയാണ്. ആഹാരത്തിനായി യേശു ദൈവത്തിൽ ആശ്രയിച്ചു (മത്തായി 4:1-4). ഉയർത്തെഴുന്നേൽപിനായി അവൻ ദൈവത്തിൽ ആശ്രയിച്ചു!

(2) *യേശു തനിക്കുവേി പ്രാർത്ഥിച്ചു.* തങ്ങൾ അത്തരം പ്രാർത്ഥനകൾക്കതീതരാണെന്നു കരുതുന്ന ചില ഉയർന്ന-ഭക്തിവാദക്കാരെ അതു അലട്ടുന്നു. യോഹന്നാൻ 17 ഏകാഗ്രതയോടെ വായിക്കുക. യേശു തനിക്കുവേി ആദ്യം പ്രാർത്ഥിച്ചു. തന്റെ മരണം മുഖാന്തിരമുള്ള മഹത്വത്തിനായി അവൻ പ്രാർത്ഥിച്ചു! അവന്റെ പ്രാർത്ഥനയിൽ വൈപരീത്യമില്ലായിരുന്നു. ഈ. എം. ബൗൺസ് പറഞ്ഞു, തന്റെ ശക്തിയുടെ രഹസ്യവും, തന്റെ ജീവിതത്തിന്റെ നിയമവും, തന്റെ പ്രവർത്തിയുടെ പ്രചോദനവും തന്റെ ധനത്തിന്റെ ഉറവിടവും, തന്റെ സന്തോഷവും, തന്റെ കൂട്ടായ്മയും ബലവും പ്രാർത്ഥന ആയിരുന്നു എന്നാണ്.[4] കീഴ്പ്പെട്ട സഹോദരന്മാർക്കു തങ്ങൾക്കുവേി പ്രാർത്ഥിപ്പാൻ കഴിയും!

(3) *യേശു മറ്റുള്ളവർക്കുവേി പ്രാർത്ഥിച്ചു.* വീും യോഹന്നാൻ 17 വായിക്കുക. അവൻ അപ്പൊസ്തലന്മാർക്കുവേി പ്രാർ ത്ഥിച്ചു; അവൻ സഭയ്ക്കുവേി പ്രാർത്ഥിച്ചു; അവൻ നമുക്കുവേി പ്രാർത്ഥിച്ചു. കൂടാതെ അവൻ തന്റെ ശത്രുക്കൾക്കുവേിയും പ്രാർത്ഥിച്ചു (ലൂക്കൊസ് 23:34; മത്തായി 5:44). ക്രൂശിൽവെച്ച് തന്റെ അമ്മയ്ക്കുവേി അവൻ പ്രാർത്ഥിച്ചു, അവളെ നോക്കേതിനു അവൻ യോഹന്നാനോടു കല്പിക്കുകയും ചെയ്തു. അവൻ പരിശുദ്ധാത്മാവിനുവേി പ്രാർത്ഥിച്ചു (യോഹന്നാൻ 14:16).

(4) *യേശു നന്ദിയോടെ പ്രാർത്ഥിച്ചു.* നാം ദൈവത്തെ കാണുമ്പോൾ, അതിശയം കൊു നിശബ്ദരാവുകയും നന്ദിയാൽ വികാരം കൊള്ളുകയും ചെയ്യും. യേശു ആഹാരത്തിനും, തന്റെ ശുശ്രൂഷയുടെ വിജയത്തിനും, ലാസ റിന്റെ ഉയർപ്പിനും എല്ലാം ദൈവത്തോടു നന്ദി പറഞ്ഞു. അവൻ താല്പര്യ ത്തോടെ പ്രാർത്ഥിച്ചു. അവന്റെ വിയർപ്പ് രക്തത്തുള്ളികൾ പോലെ വീണു. യേശു പ്രാർത്ഥിക്കുന്ന ക്രിസ്തു വാണ്.

***"കർത്താവേ, ഞാൻ പ്രാർത്ഥനയിൽ വിശ്വസിക്കുന്നില്ല...***
***എനിക്ക് നിന്നിൽ വിശ്വാസമു്.***
***വിശ്വാസത്തിൽ പ്രാർത്ഥിപ്പാൻ എന്നെ പഠിപ്പിക്കേണമേ."***

---

കുറിപ്പുകൾ

[1]ജോർജ് എ. ബട്രിക്, *പ്രെയർ* (ന്യൂയോർക്ക്: അബിങ്ങ്ടൺ പ്രെസ്, 1942). [2]ഇ. എം. ബൗൺസ്, *ദി റിയാലിറ്റി ഓഫ് പ്രെയർ* (ഗ്രാന്റ് റാപിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1924). [3]ഇബിഡ്., 70. [4]ഇബിഡ്., 73.